**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** — **09-02-2023 - ൽ മറുപടിയ്ക്ക്**

**ചെറുകിട സംരംഭങ്ങൾക്കുള്ള സബ്സിഡി പദ്ധതിയിലെ ക്രമക്കേടിന്മേൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൊഴിൽരഹിതരായ സ്ത്രീകൾക്ക് ജീവനോപാധി നൽകാനുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ സബ്സിഡി പദ്ധതിയിൽ വ്യാപക ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ക്രമക്കേടുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വനിതാ ഗ്രൂപ്പിൽപ്പെട്ടവർക്ക് സംരംഭകത്വം തുടങ്ങുന്നതിനുള്ള തിരുവനന്തപുരം നഗരസഭയുടെ പദ്ധതികളിൽ വ്യാജ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ആനുകൂല്യങ്ങൾ തട്ടിയെടുത്തത് സംബന്ധിച്ച് ബഹു. തിരുവനന്തപുരം കോർപ്പറേഷൻ മേയർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം.721/2022 u/s 468, 471, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 3 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) | പൊതു, പട്ടികജാതി വിഭാഗങ്ങളിലെ സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ മൂന്ന് ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതിയുടെ ഭാഗമായി 2020-2022 കാലയളവിൽ വ്യാജ അക്കൗണ്ടുകളും വ്യാജ ഇൻവോയിസുകളും ചമച്ച് 5.6 കോടി രൂപ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | (എ)യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | (എ)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ